**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3794** **27-06-2024 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 2000 ലെ കേരള സ്പോർട്സ് ആക്ട്, 2008 കേരള സ്പോർട്സ് ചട്ടങ്ങൾ എന്നിവ പ്രകാരം കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് 29/12/2021 ലെ സ.ഉ.(കൈ)നം. 304/2021/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കായിക പ്രവർത്തനങ്ങൾ താഴെ തട്ടിൽ സജീവമാക്കാനും ശാരീരികക്ഷമതയുള്ള സമൂഹം സൃഷ്ടിക്കാനും ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതല സ്പോർട്സ് കൗൺസിലുകളെ പങ്കാളികളാക്കിവരികയാണ്. |
| (ബി) | പഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലുകൾ എത്ര പഞ്ചായത്തുകളിൽ നിലവിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ച് വരുന്നു. |
| (സി) | പഞ്ചായത്ത് സ്പോർട്ട്സ് കൗൺസിലുകളുടെ പ്രവർത്തനത്തിനും പഞ്ചായത്തുകളിലെ സ്പോർട്ട്സ് വികസനത്തിനും എത്ര തുകയാണ് പഞ്ചായത്തുകളിൽ വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ താഴെ തട്ടുകളിൽ കായിക സംസ്കാരം വളർത്താനും ഗ്രാമീണ, നഗര പ്രദേശത്തിലെ കുട്ടികൾക്കിടയിൽ അടിസ്ഥാന കായിക പരിശീലനം നൽകുന്നതും, കായിക നൈപുണ്യങ്ങൾ വികസനത്തിനുമായി സംസ്ഥാന സ്പോർട്സ് കൗൺസിൽ ബജറ്റ് വിഹിതമായി 2024-25 വർഷത്തിൽ 5 കോടി രൂപ വകയിരിത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ